**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 147** **05-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ജയിൽ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജയിൽ ആശുപത്രികളിൽ ആരോഗ്യവകുപ്പിൽ നിന്നും ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; ഇപ്രകാരം ആരോഗ്യവകുപ്പിൽ നിന്നും നിയമനം നടത്തിയിട്ടുള്ള ജയിലാശുപത്രികളിലെ ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ്, യാദൃശ്ചികാവധി തുടങ്ങിയ അർഹതയുള്ള മറ്റ് ലീവുകൾ എടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം തടസ്സങ്ങൾ ഏത് നിയമപ്രകാരമാണ് ജയിൽ ആശുപത്രികളിൽ അധികൃതർ ഉന്നയിക്കുന്നതെന്ന് വ്യക്തമാക്കാമോ; ജീവനക്കാരുടെ ഇത്തരം പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യവകുപ്പിന് കീഴിൽ എക്സ് കേഡറായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജയിൽ ഡിസ്പെൻസറി/ ആശുപത്രികളിലെ തസ്തികകളിൽ സ്ഥിര നിയമനം ആരോഗ്യവകുപ്പാണ് നടത്തി വരുന്നത്. സ്ഥലംമാറ്റത്തിലൂടെയാണ് ഈ നിയമനങ്ങൾ നടത്തുന്നത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഫാർമസിസ്റ്റ്- വനിതാ ജയിൽ അട്ടക്കുളങ്ങര, സെൻട്രൽ പ്രിസൺ പൂജപ്പുര, കണ്ണൂർ സെൻട്രൽ ജയിൽ, ലാബ്ടെക്നീഷ്യൻ- സെൻട്രൽ പ്രിസൺ പൂജപ്പുര, നേഴ്സിംഗ് അസിസ്റ്റന്റ്- വനിതാ ജയിൽ അട്ടക്കുളങ്ങര, സെൻട്രൽ പ്രിസൺ പൂജപ്പുര, കണ്ണൂർ സെൻട്രൽ ജയിൽ, അസിസ്റ്റന്റ് സർജൻ- സെൻട്രൽ പ്രിസൺ പൂജപ്പുര എന്നീ തസ്തികകളിലേയ്ക്ക് സ്ഥിര ജീവനക്കാരെ സ്ഥലം മാറ്റത്തിലൂടെ നിയമിച്ചിട്ടുണ്ട്. ജയിൽ വകുപ്പിന്റെ കേഡറിലുള്ള മെഡിക്കൽ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>ജയിൽ ആശുപത്രികളിലെ ജീവനക്കാർക്ക് ചട്ടപ്രകാരം ഡ്യൂട്ടി ഓഫ്, യാദൃശ്ചികാവധി , മറ്റ് അവധികൾ എന്നിവ എടുക്കുന്നതിന് തടസ്സമില്ല. ജീവനക്കാരിൽ നിന്നും ഇത്തരം പരാതികൾ ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | സംസ്ഥാന സർക്കാരിന്റെ രേഖകൾ പ്രകാരം ജയിൽ ആശുപത്രികളെ എന്തുതരം ആശുപത്രിയായാണ് പരിഗണിച്ചിട്ടുള്ളതെന്നും ഇവിടെ കിടത്തി ചികിത്സ ലഭ്യമാണോയെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. |
| (സി) | ജയിൽ ആശുപത്രികളിൽ ഡോക്ടർമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ചുള്ള നിബന്ധനകൾ | (സി) | രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3 മണി വരെ ആണ് ജയിൽ ഡിസ്പെൻസറികളും |

| | | | |
|---|---|---|---|
| | എന്തെല്ലാമാണെന്നും ഡോക്ടർമാർ ഡ്യൂട്ടിക്ക് കൃത്യമായി ഹാജരാകുന്നുണ്ട് എന്ന് ഉറപ്പുവരുത്താറുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; ഡോക്ടർമാർ ഡ്യൂട്ടിക്ക് യഥാസമയം എത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; തിരുവനന്തപുരം സെൻട്രൽ ജയിലിലെ ആശുപത്രി ഡോക്ടറെ കുറിച്ച് നിലവിൽ വകുപ്പ് തല അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | ആശുപത്രികളും പ്രവർത്തിച്ച് വരുന്നത്. 2010 ലെ കേരളാ ജയിൽ നിയമം സെക്ഷൻ 57 പ്രകാരം ഏതു സമയത്തും ഏതെങ്കിലും തടവുകാർക്ക് ആരോഗ്യപ്രശ്നങ്ങൾ ജയിൽ അധികൃതർ റിപ്പോർട്ട് ചെയ്യുന്ന പക്ഷം ഉടനടി പരിശോധനയും സേവനവും മെഡിക്കൽ ഓഫീസർ നൽകേണ്ടതാണ്. ഡോക്ടർമാർ ഡ്യൂട്ടിക്ക് യഥാസമയം എത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഡോ.രാജേഷ് എസ്.ആർ. നെതിരെയുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു |
| (ഡി) | ജയിൽ ആശുപത്രികളിൽ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ ആരോഗ്യവകുപ്പ് ജില്ലാ മേധാവികളായ ഡി.എം.ഒ. മാർ മാസംതോറും സന്ദർശനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ മുൻ കാലങ്ങളിൽ എത്ര തവണ ഇവർ സന്ദർശനം നടത്തിയിട്ടുണ്ടെന്നും ഈ വർഷം നാളിതുവരെ എത്ര പ്രാവശ്യം സന്ദർശനം നടത്തിയെന്നും വിശദമാക്കാമോ; ജയിൽ ആശുപത്രി ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ മുൻകാലങ്ങളിൽ 3 തവണ ജില്ലാ മെഡിക്കൽ ഓഫീസർ ജയിൽ ആശുപത്രിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം 1 തവണയും സന്ദർശനം നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ, വിയ്യൂർ സെൻട്രൽ ജയിലിൽ ഔദ്യോഗിക സന്ദർശനം നടത്താറുണ്ട്. 13.10.2022 ലാണ് അവസാനമായി വിയ്യൂർ സെൻട്രൽ ജയിലിൽ ഔദ്യോഗിക സന്ദർശനം നടത്തിയിട്ടുള്ളത്. പ്രൈവറ്റ് പ്രാക്ടീസ് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി എത്ര രൂപയുടെ മരുന്നുകളാണ് സംസ്ഥാനത്തെ ജയിലുകൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്ന് ഇനം തിരിച്ച്, തുക കണക്കാക്കി വിശദമാക്കുമോ; എത്ര രൂപയുടെ ഏതെല്ലാം മരുന്നുകൾ മറ്റ് ആശുപത്രികളിൽ നിന്നും ജയിൽ ആശുപത്രികളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട് എന്നതും വിശദമാക്കുമോ; | (ഇ) | ജയിൽ വകുപ്പിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | സംസ്ഥാനത്തെ ജയിലുകളിലെ ഡോക്ടർമാർ രോഗികൾക്ക് മരുന്ന് കുറിച്ച് നൽകുമ്പോൾ അത് ജനറിക് നാമത്തിൽ എഴുതി നൽകണം എന്ന സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പാലിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കുമോ; | (എഫ്) | ജയിലുകളിലെ ഡോക്ടർമാർ രോഗികൾക്ക് മരുന്നുകൾ ജനറിക് നാമത്തിലാണ് എഴുതി നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ട്. |
| (ജി) | ജയിൽ ആശുപത്രികളിൽ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ പേര്, തസ്തിക, ഇനം, ഓരോ ആശുപത്രികളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വിശദമാക്കാമോ; സംസ്ഥാന | (ജി) | ജയിൽ ആശുപത്രികളിൽ ആരോഗ്യവകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ട ജീവനക്കാരിൽ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ പേര് ജില്ല |

| | | | |
|---|---|---|---|
| | സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ ഉത്തരവിലെ 3 വർഷം എന്ന പൊതുമാനദണ്ഡം ജയിൽ ആശുപത്രികളിൽ പാലിക്കപ്പെടാത്തതെന്ത് കൊണ്ടാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | | തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു.<br><br>ആരോഗ്യവകുപ്പിൽ പൊതു സ്ഥലംമാറ്റം ഓൺലൈനായി സ്പാർക്ക് മുഖാന്തിരം ആണ് നടത്തി വരുന്നത്. എക്സ്-കേഡർ തസ്തികയിൽ സൃഷ്ടിക്കപ്പെട്ട ജയിൽ ഡിസ്പെൻസറി ,ആശുപത്രികളിലെ ജീവനക്കാരുടെ വിവരങ്ങൾ, പ്രസ്തുത സ്ഥാപനങ്ങൾ ജയിൽ വകുപ്പിന് കീഴിൽ ആയതിനാൽ, ആരോഗ്യവകുപ്പിലെ എല്ലാ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ആയത് മൂലമാണ് പൊതുസ്ഥലംമാറ്റം ജയിൽ ഡിസ്പെൻസറികളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ കാര്യത്തിൽ നടത്താൻ കഴിയാതെ വന്നത്. ആയതിനാൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ പൊതുസ്ഥലംമാറ്റത്തിനുപരി സ്ഥലംമാറ്റമാണ് നടന്നുവരുന്നത് |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നം | ജില്ല | ജയിലിന്റെ പേര് | ആശുപത്രിയുടെ പേര് | കിടക്കകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | സെൻട്രൽ ജയിൽ | സെൻട്രൽ പ്രിസൺ ഹോസ്പിറ്റൽ പൂജപ്പുര | 36 |
| 2. | തിരുവനന്തപുരം | തുറന്ന ജയിൽ. നെട്ടുകാൽത്തേരി | ജയിൽ ഡിസ്പെൻസറി കാട്ടാക്കട | 0 |
| 3 | എറണാകുളം | ജില്ലാ ജയിൽ കാക്കനാട് | ജയിൽ ഡിസ്പെൻസറി കാക്കനാട് | 0 |
| 4. | തൃശ്ശൂർ | സെൻട്രൽ ജയിൽ. വിയ്യൂർ | സെൻട്രൽ ജയിൽ ഡിസ്പെൻസറി വിയ്യൂർ | 0 |
| 5. | മലപ്പുറം | സെൻട്രൽ ജയിൽ തവനൂർ | ജയിൽ ഡിസ്പെൻസറി സെൻട്രൽ ജയിൽ തവനൂർ | 0 |
| 6 | കണ്ണൂർ | സെൻട്രൽ ജയിൽ കണ്ണൂർ | സെൻട്രൽ ജയിൽ ഡിസ്പെൻസറി കണ്ണൂർ | 46 |
| 7 | കാസർഗോഡ് | തുറന്ന ജയിൽ ചീമേനി | ജയിൽ ഡിസ്പെൻസറി ചീമേനി | 0 |

സെക്ഷൻ ഓഫീസർ

# അനുബന്ധം -II

## തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ 02.11.2022-ൽ പൂജപ്പുര സെൻട്രൽ ജയിലിലെ ആശുപത്രിയിൽ നടത്തിയ സന്ദർശനത്തിന്റെയും ജയിൽ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. രാജേഷിന് എതിരായ പരാതിയും സംബന്ധിച്ചുമുള്ള അന്വേഷണ റിപ്പോർട്ട്.

ജില്ലാ മെഡിക്കൽ ഓഫീസർ 02.11.2022-ന് രാവിലെ തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിൽ ആശുപത്രി സന്ദർശിക്കുകയും ആശുപത്രി പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ആരായുകയും ഉണ്ടായി. ജയിൽ സൂപ്രണ്ടിന്റെ അസാന്നിദ്ധ്യത്തിൽ ഡെപ്യൂട്ടി ജയിൽ സൂപ്രണ്ടിനോടൊപ്പമാണ് സന്ദർശനം നടത്തിയത്.

**ജയിൽ ആശുപത്രി ജീവനക്കാരുടെ വിശദാംശങ്ങൾ**

1. മെഡിക്കൽ ഓഫീസർമാർ - 2 ആരോഗ്യ വകുപ്പ്
2. സ്റ്റാഫ് നഴ്സ് - 1 - എൻ.എച്ച്.എം
3. ഇ.സി.ജി.ടെക്നീഷ്യൻ - 1 - ആരോഗ്യ വകുപ്പ്
4. നഴ്സിംഗ് അസിസ്റ്റന്റ് - 2 - ആരോഗ്യ വകുപ്പ്
5. ലാബ് അസിസ്റ്റന്റ് - 1 - ആരോഗ്യ വകുപ്പ്
6. ICTC - 2 - ആരോഗ്യ വകുപ്പ്
7. ഫാർമസിസ്റ്റ് - 1 - ആരോഗ്യ വകുപ്പ്

പൂജപ്പുര സെൻട്രൽ ജയിൽ ആശുപത്രിയിൽ തടവുകാരുടെ വൈദ്യ പരിചരണത്തിനും ചികിത്സക്കുമായി ആകെ രണ്ട് ഡോക്ടർമാരാണുള്ളത്. നിലവിൽ അസിസ്റ്റന്റ് സർജൻ ഡോ. രാജേഷ്.എസ്.ആർ, അസിസ്റ്റന്റ് സർജൻ ഡോ. സജന.ജി.എൽ എന്നിവർ ടി സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു. ഇതിൽ ഡോ. രാജേഷ്.എസ്.ആർ 13.02.2017 മുതലും, ഡോ. സജന.ജി.എൽ 2021 ജൂൺ മുതലും ടി ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്നു.

ജയിൽ ആശുപത്രിയിൽ ശരാശരി 100-ൽ അധികം ഒ.പി-യും ഏകദേശം 20 ഐ.പി-യും സാധാരണ ഉണ്ടാകാറുണ്ട്. പ്രതികൾക്ക് ജാമ്യം നൽകുന്നതിനായി കോടതികൾ മെഡിക്കൽ ഗ്രൗണ്ടിൽ വിവരങ്ങൾ തേടാറുണ്ടെന്നും ആയതിലേയ്ക്ക് തടവുകാർ രോഗങ്ങളും അവശതകളും പ്രകടിപ്പിച്ച് ഡോക്ടറെ സമീപിക്കാറുണ്ട്. എന്നാൽ ഇത്തരം പ്രവണതകൾ പ്രോത്സാഹിപ്പിക്കാറില്ലെന്നും യഥാർത്ഥ രോഗികളെ തുടർ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്തു വരുന്നത് എന്നും ഡോക്ടർ അറിയിച്ചു.

തടവുകാർക്ക് കൃത്യമായ ചികിത്സയും മരുന്നും നൽകാറുണ്ട്. ചികിത്സ നിഷേധിച്ചതായി ആരും പരാതിപ്പെട്ടിട്ടില്ല.

ആശുപത്രിയിൽ ഒ.പി.രജിസ്റ്റർ, ഐ.ഡി.എസ്.പി, Fever case reporting Register തുടങ്ങിയവ സൂക്ഷിച്ചിരുന്നില്ല. ഐ.പി. രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. 42 ഐ.പി ബെഡ് സൗകര്യമാണ് നിലവിൽ ഉള്ളത്. അതിൽ പ്രസ്തുത ദിവസം 32 രോഗികളെ പ്രവേശിപ്പിച്ചിട്ടുണ്ട്.

മരണ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എന്നാൽ മരണ കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന് കാരണമായി ജയിലിൽ വച്ചോ ജയിൽ ആശുപത്രിയിൽ വച്ചോ തടവുകാർ മരണപ്പെട്ടിട്ടില്ല എന്നും രോഗം മൂർച്ഛിക്കുന്ന ഘട്ടത്തിൽ തുടർ ചികിത്സയ്ക്കായി രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുകയും

അവിടെ വച്ച് മരണപ്പെടുകയുമാണ് ചെയ്തിട്ടുള്ളത് എന്നും ആയതിനാൽ തടവുകാരുടെ മരണം സംബന്ധിച്ച വിവരം ജയിൽ ഓഫീസിലാണ് സൂക്ഷിക്കുന്നത് എന്നും ഡോക്ടർ ഇതിന് മറുപടി നല്കി.

ഹെപ്പടൈറ്റിസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ എത്ര ഹെപ്പറ്റൈറ്റിസ് രോഗികൾ ഉണ്ട് എന്ന വിവരം സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ ഡോക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

പ്രതികളെ ഹെൽത്ത് സ്ക്രീനിംഗ് നടത്തിയാണ് ജയിലിൽ കൊണ്ടുവരുന്നത്. ജയിലിൽ എത്തിയ ശേഷവും സ്ക്രീനിംഗ് നടത്താറുണ്ട്. 700-ൽ പരം പ്രതികളും തടവുകാരും നിലവിലുണ്ട്. ഓരോ രോഗികൾക്കും ആരോഗ്യ വിവരം സംബന്ധിച്ച് പ്രത്യേക ഫയൽ സൂക്ഷിക്കുന്നുണ്ട്.

നിലവിൽ ജയിലിൽ ആദ്യമായി എത്തുന്ന രോഗികൾക്ക് ആന്റിജൻ ടെസ്റ്റ് നടത്തി വരുന്നുന്നുണ്ട്. മെഡിക്കൽ കോളേജിൽ നിന്നും എഴുതുന്ന മരുന്ന് സ്റ്റോക്ക് ഇല്ലാത്ത സാഹചര്യത്തിൽ പുറത്തു നിന്നും വാങ്ങി നൽകാറുണ്ട്. എൻ.സി.ഡി മരുന്ന് ദൗർലഭ്യം വരുന്നുണ്ടെന്നും ഇൻസുലിൻ തികയാറില്ലെന്നും, മെഡിക്കൽ ക്യാമ്പ് നടത്താറുണ്ടെന്നും ഡോക്ടർ അറിയിച്ചു.

നിലവിൽ പല്ല് എടുക്കുന്നതിനുള്ള ഭൗതിക സാഹചര്യം ജയിൽ ആശുപത്രിയിൽ ഉണ്ടെങ്കിലും ദന്തൽ ഡോക്ടറുടേയും ദന്തൽ ഹൈജീനിസ്റ്റിന്റെയും സേവനം ആവശ്യമാണെന്നും ഒരു സ്റ്റാഫ് നഴ്സ് (എൻ.എച്ച്.എം) മാത്രമാണുള്ളതെന്നും ഒരു സ്റ്റാഫ് നഴ്സിനെ കൂടി നിയമിക്കണമെന്നും ഡോക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

200 ഓളം സൈക്യാട്രിക് പേഷ്യൻസ് നിലവിലുണ്ട് പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഡോക്ടർ ആഴ്ചയിൽ ഒരു തവണ സന്ദർശനം നടത്താറുണ്ട്. ഡി അഡിഷൻ ട്രീറ്റ്മെന്റും നടത്തുന്നു. ഹെപ്പറ്റൈറ്റിസ് കേസുകളിൽ പ്രതികൾ/തടവുകാർ ജാമ്യം കിട്ടി പോകുന്നതിനാൽ റിവ്യൂ നടത്തുവാൻ കഴിയുന്നില്ല. ഹെപ്പറ്റൈറ്റിസ് പേഷ്യന്റിന്റെ രക്ത സാമ്പിൾ പബ്ലിക് ഹെൽത്ത് ലാബിൽ പരിശോധനയ്ക്ക് നൽകിയാലും റിപ്പീറ്റ് സാമ്പിൾ എടുക്കാറുണ്ട്. ഇത് തടവുകാരിൽ എതിർപ്പ് ഉണ്ടാക്കുന്നു.

ആശുപത്രി സന്ദർശനത്തിന്റെ ഭാഗമായി C 2978, C 1341, C 4406, C 2874 എന്നീ റിക്കോർഡുകളും രോഗികളുടെ കേസ് ഷീറ്റുകളും പരിശോധിച്ചു. ആശുപത്രിയിൽ ടെലി മെഡിസിൻ ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല.

100 ബെഡ്ഡ് ഉള്ള പി.എച്ച്.സി നിലവാരത്തിൽ ഒരു ആശുപത്രി ജയിൽ മതിലിന് പുറത്ത് പണിയുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ളതായി മെഡിക്കൽ ഓഫീസർ അറിയിച്ചു.

**ജയിൽ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. രാജേഷിന് എതിരായ പരാതിയിന്മേലുള്ള അന്വേഷണം**

ജില്ലാ മെഡിക്കൽ ഓഫീസർ നടത്തിയ ജയിൽ സന്ദർശന വേളയിൽ ജയിൽ ആശുപത്രി മെഡിക്കൽ ഓഫീസർക്ക് എതിരായ പരാതിയിന്മേൽ അന്വേഷണം നടത്തുകയുണ്ടായി.

ഡോ. രാജേഷിനെതിരായി തടവുകാരിൽ നിന്നും നേരിട്ട് പരാതി ഒന്നും ലഭ്യമായിട്ടില്ലെന്നും എന്നാൽ കോടതി മുഖേന പരാതി ലഭിച്ചിട്ടുണ്ട്. അത് ഡോക്ടറുടെ സംസാര രീതിയെകുറിച്ചുള്ള പരാതിയാണ്. പ്രതികളുടെ ജാമ്യം സംബന്ധിച്ച വിഷയങ്ങളിൽ കോടതി മെഡിക്കൽ ഗ്രൗണ്ടിൽ ഡോക്ടറുടെ അഭിപ്രായം തേടാറുണ്ട്. അത് പ്രതികൾക്ക് അനുകൂലമല്ലാതെ വരുമ്പോഴാണ് ഇത്തരം പരാതികൾ ഉണ്ടാകുന്നത് എന്ന് സൂപ്രണ്ട് മൊഴി നൽകുകയുണ്ടായി.



Generated from eOffice by JIJIMON.R, SO (B) HOME, SO (B) HOME, HOME on 04/12/2022 08:22 PM

ജയിൽ ആശുപത്രിയിൽ ഡോക്ടറുടെ ചികിത്സ സംബന്ധിച്ച് കിടത്തി ചികിത്സയിലുള്ള രോഗികളായ തടവുകാരോട് വിവരങ്ങൾ ആരാഞ്ഞതിൽ നിന്നും മെഡിക്കൽ കോളേജിലെ ചികിത്സ കഴിഞ്ഞ് ഇവിടെ അഡ്മിറ്റ് ആണെന്നും മെഡിക്കൽ കോളേജിൽ നിന്നും നിർദ്ദേശിച്ച മരുന്നാണ് ലഭിക്കുന്നത് എന്നും, ഡോക്ടർ നന്നായി നോക്കുന്നുണ്ടെന്നും, കൃത്യമായി മരുന്നുകൾ നൽകാറുണ്ടെന്നും ഇവർ അഭിപ്രായപ്പെടുകയുണ്ടായി. ഐ.പി-യിൽ ഡോക്ടർ കൃത്യമായി രോഗികളെ നോക്കാറുണ്ടെന്നും അവർ അറിയിച്ചു.

ഡോ. രാജേഷ് രോഗികളെ കൃത്യമായി പരിശോധിച്ച്. മരുന്ന് നൽകാറുണ്ടെന്നും, മെഡിക്കൽ കോളേജിൽ നിന്നും നൽകുന്ന മരുന്ന് മാറ്റി നൽകാറില്ലെന്നും, പ്രതികളോട് എന്നല്ല രോഗികളോട് എന്ന രീതിയിലാണ് ഡോക്ടർ പെരുമാറുന്നതെന്നും, അവരോട് പരുഷമായി സംസാരിക്കാറില്ലെന്നും ഡോ. സജന, അസിസ്റ്റന്റ് സർജനും മറ്റ് ആശുപത്രി സ്റ്റാഫുകളും അഭിപ്രായപ്പെടുകയുണ്ടായി.

ചില രോഗികൾ മെഡിക്കൽ കോളേജിൽ പോകുന്നതിന് വേണ്ടി രോഗം പറഞ്ഞ് എത്താറുണ്ട്. എന്നാൽ അവർക്ക് മെഡിക്കൽ കോളേജിൽ പോകേണ്ട ആവശ്യകത ഇല്ലയെന്ന് പരിശോധനയിൽ മനസ്സിലാകും അതിനാൽ അവരെ റഫർ ചെയ്യാറില്ല. നാല് വർഷത്തിലധികമായി ജയിൽ ആശുപത്രിയിൽ ജോലി ചെയ്ത് വരുന്നു ഇതുവരെ ചികിത്സാ പിഴവുമൂലം രോഗികൾ മരണപ്പെട്ടിട്ടില്ല. പരാസെറ്റമോളും, റാന്റാകും മാത്രം വച്ച് ചികിത്സ നടത്തുന്നു എന്ന ആരോപണം അടിസ്ഥാന രഹിതമാണെന്നും ഡോ. രാജേഷ് മൊഴി നൽകുകയുണ്ടായി.

പരാതി നല്കിയ വ്യക്തിയെ സംബന്ധിച്ച സൂചനകൾ ഒന്നും പരാതിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ ഐ.പിയിലുള്ള രോഗികളിൽ നിന്നും പരാതി സംബന്ധിച്ച് മൊഴി രേഖപ്പെടുത്തുകയുണ്ടായി.

ടി ജയിലിലെ രോഗബാധിതരായിട്ടുള്ള അന്തേ വാസികളെ കൂടാതെ പ്രതിവർഷം 300-ൽ കൂടുതൽ രോഗികളും വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ശാരീരിക അവശത അനുഭവിക്കുന്ന തടവുകാരെ മറ്റ് ജയിലുകളിൽ നിന്നും ടി ജയിലിൽ ചികിത്സാ സൗകര്യാർത്ഥം പ്രവേശിപ്പിച്ചു വരുന്നു. കൂടാതെ ബഹു. കോടതികളും തടവുകാരുടെ വൈദ്യചികിത്സാ സംബന്ധമായിട്ടുള്ള നിരവധി റിപ്പോർട്ടുകൾ ദിനം പ്രതി ആവശ്യപ്പെടുന്നുണ്ട്. രോഗ പരിശോധനക്കു പുറമേ മെഡിക്കൽ റിപ്പോർട്ടുകൾ തയ്യാറാക്കൽ തുടങ്ങി സമയബന്ധിതമായി നിർവ്വഹിക്കേണ്ടുന്ന ജോലികളും മറ്റുംമൂലം കൂടുതൽ ജോലി ഭാരം മെഡിക്കൽ ഓഫീസർമാർക്ക് നിർവ്വഹിക്കേണ്ടിവരുന്നു. ഇത് നിരവധി പരാതികൾക്ക് ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ ഡോ. രാജേഷ്.എസ്.ആർ-ന് എതിരായി അന്തേവാസികൾ വിവിധ കോടതികൾ മുഖേനയും അല്ലാതെയും നൽകിയ നിരവധി പരാതികൾ ലഭ്യമായിട്ടുണ്ട് എന്നും ജയിൽ സൂപ്രണ്ട് രേഖാമൂലം നൽകിയ കത്തിൽ പ്രതിപാദിക്കുന്നു. ആയതിനാൽ കൂടുതൽ പരിചയസമ്പത്തും മികവ് ഉള്ളതും ജയിലിൽ സേവനമനുഷ്ഠിച്ചിരുന്നതുമായ ഒരു മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാക്കണമെന്നും സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)

ആർ.എസ്

3



Generated from eOffice by JIJIMON.R, SO (B) HOME, SO (B) HOME, HOME on 04/12/2022 08:22 PM

150 YEARS OF CELEBRATING THE MAHATMA

## അനുബന്ധം III

| ക്രമ നം. | ജയിൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി ലഭിച്ച മരുന്നുകളുടെ വിവരം (രൂപ) |
|---|---|---|
| 1. | അതീവ സുരക്ഷാ ജയിൽ, വിയ്യൂർ | 2021-2022 കാലയളവിൽ അതീവ സുരക്ഷാ ജയിലിലേക്ക് ആറുലക്ഷത്തിന്റെ ഫിനാൻഷ്യൽ ക്യാപ്പ് അനുവദിക്കുകയും ആയതിൽ 5,30,000/- (അഞ്ച് ലക്ഷത്തി മുപ്പതിനായിരം രൂപ) രൂപയ്ക്ക് ഇൻഡന്റ് ചെയ്യുകയുമുണ്ടായി. ലഭ്യതക്കനുസരിച്ച് മരുന്നുകൾ അനുവദിച്ചുകിട്ടുന്നുണ്ട്. |
| 2. | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ | 2021-2022 കാലയളവിൽ 3,72,394.95 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. |
| 3. | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ | 7,15,000/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ നിന്നും 5,20,000/- രൂപയുടെ മരുന്ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. |
| 4. | ജില്ലാ ജയിൽ, എറണാകുളം | 2,50,000/- രൂപയുടെ മരുന്നുകളാണ് ടി ജയിലിൽ വിതരണം ചെയ്തത്. മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഏകദേശം 5000/- രൂപയുടെ മരുന്നുകൾ ടി ജയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. |
| 5. | തുറന്ന ജയിൽ & കറക്ഷണൽ ഹോം, ചീമേനി | 1,29,898/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. |
| 6. | തുറന്ന ജയിൽ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി | 5,00,000/- (അഞ്ചുലക്ഷം രൂപ) രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. |
| 7. | വനിതാ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ | 57,188/- രൂപയുടെ മരുന്നുകളും കോവിഡ് സമയത്ത് 5292/- രൂപയുടെ മാസ്ക്, ഗ്ലൗസ് എന്നിവയും വാങ്ങിയിട്ടുണ്ട്. |
| 8. | ജില്ലാ ജയിൽ, കോഴിക്കോട് | 4,09,417/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ നിന്ന് 87,948/- രൂപയുടെ മരുന്നുകൾ ടി ജയിലേക്ക് ലഭിച്ചിട്ടുണ്ട്. |
| 9. | വനിതാ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 2021-2022 സാമ്പത്തിക വർഷം 1,47,105.83 രൂപയുടേയും 2022-2023 സാമ്പത്തിക വർഷം 52,436.92 രൂപയുടെയും മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-2022 സാമ്പത്തിക വർഷം പരണിയം കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നും 436.30 രൂപയുടെ മരുന്ന് ടി ജയിലിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് |
| 10. | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 14,10,805.65 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും 3,55,855.79 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. |

പിണറായി വിജയൻ

## അനുബന്ധം IV

| ക്രമ നം. | ജില്ല | പേര് | തസ്തിക | ജയിൽ ആശുപത്രിയുടെ പേര് |
|---|---|---|---|---|
| 1. | തിരുവനന്തപുരം | ഡോ.രാജേഷ്.എസ്.ആർ | അസിസ്റ്റന്റ് സർജൻ | സെൻട്രൽ പ്രിസൺ ഹോസ്പിറ്റൽ പൂജപ്പുര |
| 2. | കാസർ ഗോഡ് | ശ്രീ.നിമേഷ് ബാബു.കെ.വി | നഴ്സിംഗ് ഓഫീസർ | തുറന്ന ജയിൽ, ജയിൽ ഡിസ്പെൻസറി ചീമേനി |
| 3. | കണ്ണൂർ | 1. ഡോ.പ്രശാന്ത്<br>2. ശ്രീ.ശ്രീലാൽ.എം<br>3 . ശ്രീമതി. മിനിമോൾ.വി.ഐസക് | അസിസ്റ്റന്റ് സർജൻ<br>ലാബ് ടെക്നീഷ്യൻ ഗ്രേഡ്.I<br>ഫാർമസിസിറ്റ് ഗ്രേഡ് I | സെൻട്രൽ ജയിൽ ഡിസ്പെൻസറി |
| 4. | തൃശ്ശൂർ | 1. ഡോ.സുരേഷ്.സി<br>2. ശ്രീ.ബിനോ.വി.ജോസ്<br>3.ശ്രീ.ശ്രീകമാർ.സി | മെഡിക്കൽ ഓഫീസർ<br>ഫാർമസിസ്റ്റ്<br>നഴ്സിംഗ് അസിസ്റ്റന്റ് | സെൻട്രൽ ജയിൽ ഡിസ്പെൻസറി വിയ്യൂർ |
| | | 4.ശ്രീ.അന്വർ.കെ.കെ | നഴ്സിംഗ് അസിസ്റ്റന്റ് | |

സെക്ഷൻ ഓഫീസർ